അടിസ്ഥാനത്തിൽ 6-11-2014-ന് ചേർന്ന കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് യോഗത്തിന് മുമ്പാകെ ഈ വിഷയം അവതരിപ്പിക്കുകയും കാശ്മീർ, ഷിംല എന്നീ സ്ഥലങ്ങൾക്ക് പകരം കൽക്കട്ട. കാഠ്മണ്ഡു എന്നീ സ്ഥലങ്ങൾ സന്ദർശിക്കുവാൻ അനുമതി തേടുകയും പ്രസ്തുത ബോർഡ് യോഗം അനുമതി നൽകുകയും ചെയ്തു. ആയതിന്റെ അടിസ്ഥാനത്തിലാണ് പരിപാടി സംഘടിപ്പിച്ചത്. എസ്.റ്റി. ഭാരത് ദർശൻ പരിപാടിക്കായി 10 ലക്ഷം രൂപയാണ് വകയിരുത്തിയിരുന്നത്. എന്നാൽ പരിപാടിക്കായി 14,75,723 രൂപ ചെലവഴിച്ചു. യാത്ര പരിപാടി സംഘടിപ്പിച്ചു കഴിഞ്ഞ ഉടൻതന്നെ അധികമായി ചെലവഴിച്ചതുകയുടെ വിവരങ്ങൾ അടക്കമുള്ളവരവ് ചെലവ് കണക്കുകൾ സാധൂകരിക്കുന്നതിനായി 6-2-2015-ന് ചേർന്ന 10-ാമത് ബോർഡ് യോഗത്തിന് മുൻപാകെ സമർപ്പിക്കുകയും വരവുചെലവ് കണക്കുകൾ ബോർഡ് യോഗം സാധൂകരിക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട 18-നും 40-നും മദ്ധ്യേ പ്രായമുള്ള ജില്ലാ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത് അംഗങ്ങളായ യുവജനങ്ങളെയാണ് പ്രതിനിധികളായി തെരഞ്ഞെടുക്കുവാൻ തീരുമാനിച്ചത്. ആയതിന്റെ അടിസ്ഥാനത്തിൽ പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിലേയ്ക്ക് 18-നും 40-നും മദ്ധ്യേ പ്രായമുള്ളവരുടെ ലിസ്റ്റ് ലഭ്യമാക്കുവാൻ ആവശ്യപ്പെടുകയും അവിടുന്ന് ലഭിച്ച ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ പ്രതിനിധികളെ തെരഞ്ഞെടുക്കുകയും ചെയ്തു.

പരിചിതമല്ലാത്ത അന്യസ്ഥലങ്ങൾ സന്ദർശിക്കുമ്പോൾ സ്ത്രീകൾ ഉൾപ്പെടെയുള്ള യാത്രാ അംഗങ്ങൾക്ക് സുരക്ഷിതത്വത്തിനും യാത്രയിൽ ഉടനീളം അവരുടെ ആവശ്യങ്ങൾ പരിഹരിക്കുന്നതിനുമായി വിവിധ സംസ്ഥാനങ്ങളിൽ വച്ച് നടന്ന നാഷണൽ യുവോത്സവം പോലുള്ള പരിപാടികളിൽ കേരള ടീമിനെ നയിച്ച പരിചയസമ്പന്നരും ഭാഷാ പ്രാവീണ്യം ഉള്ളവരുമായ ഉദ്യോഗസ്ഥരെയാണ് യാത്രയിൽ ഉൾപ്പെടുത്തിയത്.

സാഹസിക അക്കാഡമി

130 (5947) ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. വി. റ്റി. ബൽറാം :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) യുവജനക്ഷേമ ബോർഡിന്റെ ആഭിമുഖ്യത്തിൽ സാഹസിക അക്കാഡമിക്ക് രൂപം നൽകിയിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇതിന്റെ പ്രവർത്തനത്തിന് ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ?

ഉത്തരം

(എ) ഉണ്ട്

(ബി) യുവാക്കളിൽ സാഹസിക മനോഭാവം വളർത്തുക, സാഹസിക കർമ്മശേഷി ജനനന്മയ്ക്ക് വിനിയോഗിക്കുക എന്നിവയാണ് സാഹസിക അക്കാഡമികൾ കൊണ്ട് ലക്ഷ്യമിടുന്നത്.

(സി) ബോർഡിന്റെ കീഴിലുള്ള സാഹസിക അക്കാഡമികളുടെ നേതൃത്വത്തിൽ വർഷം തോറും യുവാക്കൾക്കായി സാഹസിക പരിശീലന പരിപാടികൾ, അഡ്വഞ്ചർ കാർണിവലുകൾ എന്നിവ നടത്തിവരുന്നു. സാഹസിക അക്കാഡമികളുടെ നേതൃത്വത്തിൽ പാരാസെയിലിംഗ് പരിശീലനം, പാരാഗ്ലൈഡിംഗ് പരിശീലനം, മൺസൂൺ ട്രക്കിംഗ്, പ്രതിമാസ ട്രക്കിംഗ്, ഫ്രീ ഹാന്റ് ക്ലൈമ്പിംഗ്, റോപ്പ് ക്ലൈമ്പിംഗ്, റിവർ ക്രോസിംഗ്, വാൾ ക്ലൈമ്പിംഗ്, ജല സാഹസിക പരിപാടികൾ എന്നിവ നടത്തിവരുന്നു. കൂടാതെ കണ്ണൂർ മുഴപ്പിലങ്ങാട് സാഹസിക അക്കാഡമിയുടെ നേതൃത്വത്തിൽ വർഷം തോറും സാഹസിക ഫോട്ടോഗ്രാഫി മത്സരവും സംഘടിപ്പിച്ചുവരുന്നു. മുകളിൽ പറയുന്ന സാഹസിക പ്രവർത്തനങ്ങൾക്ക് എല്ലാ വർഷവും ബഡ്ജറ്റിൽ സർക്കാർ തുക വകയിരുത്തുകയും സർക്കാർ ഭരണാനുമതി നൽകിവരികയും ചെയ്യുന്നുണ്ട്.

യുവജനങ്ങൾക്കുള്ള മൂലധനസഹായത്തിന് പദ്ധതി

131 (5949) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. വർക്കല കഹാർ :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. എം. എ. വാഹിദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് യുവജനങ്ങൾക്കുള്ള മൂലധനസഹായത്തിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതിവഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) പദ്ധതി നടത്തിപ്പിനായി ഭരണതലത്തിൽ എന്തെല്ലാം കാര്യങ്ങൾ ചെയ്തിട്ടുണ്ട് ?

ഉത്തരം

(എ-സി) യുവജനങ്ങൾക്കുള്ള മൂലധനസഹായത്തിന് നിലവിൽ പദ്ധതികളൊന്നും രൂപീകരിച്ചിട്ടില്ല. എന്നിരുന്നാലും 2015-16 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് പ്രൊപ്പോസലിൽ ക്രിയാത്മകമായി പ്രവർത്തിക്കുന്ന യൂത്ത് ക്ലബ്ബുകളെ ശക്തിപ്പെടുത്തു

LIBRARY ARCHIVES Kerala Legislative Assembly